**പതിനാലാം കേരള നിയമസഭ**

പതിനെട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 595 — 04.02.2020-ലെ മറുപടിയ്ക്ക്

## ഇടുക്കി വോളിബോൾ അക്കാദമിയുടെ നിർമ്മാണ പുരോഗതി

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.റോഷി അഗസ്റ്റിൻ** | | **ശ്രീ.ഇ.പി.ജയരാജൻ**<br>വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി | |
| (എ) | ഇടുക്കി വോളിബോൾ അക്കാദമിയുടെ ഗ്രൗണ്ട് ലെവലിംഗ്, ചുറ്റമതിൽ നിർമ്മാണം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പാക്കുന്നതിന് എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) | ഇടുക്കി വോളിബോൾ അക്കാഡമിയുടെ ഗ്രൗണ്ട് ലെവലിംഗ്, ചുറ്റമതിൽ നിർമ്മാണം (കരിങ്കൽ കെട്ടി ഫെൻസിംഗ് വച്ച് പിടിപ്പിക്കുന്ന പ്രവൃത്തികൾ) തുടങ്ങിയ അധിക പ്രവൃത്തികൾക്ക് സർക്കാർ 1.44 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പദ്ധതിയുടെ ടെണ്ടർ വിളിക്കുകയും പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ വസ്തുവിന്റെ അതിർത്തി സംബന്ധിച്ച് പരിസരവാസികൾ തർക്കമുന്നയിക്കുകയും പ്രവൃത്തികൾ തടസ്സപ്പെടുത്തുകയും ചെയ്തതിനാലും 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇടുക്കി ജില്ലയിൽ മണ്ണ് ഖനനത്തിന് ഏർപ്പെടുത്തിയ നിയന്ത്രണം മൂലം ഫില്ലിംഗ് പ്രവൃത്തികൾക്കുള്ള മണ്ണിന് ദൗർലഭ്യം നേരിട്ടതിനാലും പണി തടസ്സപ്പെട്ടിരുന്നു. ഇടുക്കി വോളിബോൾ അക്കാഡമിയുടെ അതിർത്തി സംബന്ധിച്ച തർക്കം റവന്യൂ വകുപ്പിന്റെ സഹായത്തോടെ പരിഹരിക്കുകയും നിലവിൽ ഫെൻസിംഗ് പോസ്റ്റ് സ്ഥാപിച്ച് അതിർത്തി അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. പ്രധാന പാതയിൽ നിന്നും അക്കാഡമിയിലേക്ക് ഒരു റോഡ് നിർമ്മിക്കുന്ന പ്രവൃത്തികളും ഫില്ലിംഗ് പ്രവൃത്തികളും ഇനി പൂർത്തിയാക്കേണ്ടതായുണ്ട്. |

| | | | |
|---|---|---|---|
| | | | പ്രസ്തുത പ്രവൃത്തികൾക്ക് പുതിയ ഡി.എസ്.ആർ പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത വോളിബോൾ അക്കാദമിയുടെ നിർമ്മാണ പ്രവർത്തനത്തിന്റെ പുരോഗതി ഏതു ഘട്ടത്തിലാണ്; വിശദാംശങ്ങൾ നൽകുമോ? | (ബി) | ഇടുക്കി വോളിബോൾ അക്കാഡമിയിൽ പണികഴിപ്പിട്ടുള്ള ഇൻഡോർ കോർട്ടിൽ മേപ്പിൾ വുഡ് സ്പോർട്സ് ഫ്ളോറിംഗ്, ഫ്ലെഡ് ലൈറ്റിംഗ്, മുതലായവ പൂർത്തീകരിച്ച് ഇൻഡോർ ഹാൾ വോളീബോൾ പരിശീലനത്തിന് തയ്യാറാക്കിയിട്ടുണ്ട്. വോളിബോൾ അക്കാഡമിയുടെ വസ്തുവിന്റെ അതിർത്തികളിൽ ചെയിൻലിങ്ക് സ്ഥാപിക്കുന്ന പ്രവൃത്തികൾ, അക്കാഡമിയുടെ ഭൂമി മണ്ണിട്ട് നിരപ്പാക്കുന്ന പ്രവൃത്തികൾ എന്നിവ പൂർത്തിയാക്കേണ്ടതായുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ